**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ശമ്പള പരിഷ്കരണം 2019- പൊതുഭരണ സെക്രട്ടേറിയറ്റ് - ബൈൻഡിംഗ് സൂപ്പർവൈസർ തസ്തിക-ഷെഡ്യൂളിൽ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ (കൈ) നം.18/2024/(47)/ധന.** **തിരുവനന്തപുരം, തീയതി,20/02/2024**

---

പരാമർശം - 1. സ.ഉ (അച്ചടി) നം.27/2021/ധന. തീയതി 10.02.2021

2. സ.ഉ (കൈ) നം. 265/2012/പൊ.ഭ.വ തീയതി 05.10.2012

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടേയും ശമ്പളം 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പരാമർശം (2) ഉത്തരവ് പ്രകാരം പൊതുഭരണ സെക്രട്ടേറിയറ്റിൽ സൃഷ്ടിച്ച ബൈൻഡിംഗ് സൂപ്പർവൈസർ തസ്തിക പരാമർശം (1) ഉത്തരവിൽ ഉൾപ്പെടുത്താൻ വിട്ടു പോയിട്ടുള്ളതാകുന്നു. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ, പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ 22200-48000 എന്ന ശമ്പള സ്കെയിലിന്റെ പരിഷ്കരിച്ച സ്കെയിലായ 31100-66800 എന്ന ശമ്പള സ്കെയിലിൽ ബൈൻഡിംഗ് സൂപ്പർവൈസർ തസ്തിക പരാമർശം (1) ഉത്തരവിലെ പൊതുഭരണ വകുപ്പിന്റെ ഷെഡ്യൂളിനുകീഴിൽ ബൈൻഡർ ഗ്രേഡ്- I തസ്തികയുടെ മുകളിലായി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**പ്രശാന്ത്.എം**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ് :-

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
3) സെക്രട്ടറി, പൊതു ഭരണ വകുപ്പ്

4) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

5) ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ്

6) ചീഫ് പ്രോജക്റ്റ് മാനേജർ, സ്പാർക്ക് പിഎംയു

7) നോഡൽ ഓഫീസർ, www.finance.kerala.gov.in

8) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(E-1298821)**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**